# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**20-07-2021**

## എഫ് ഐ ബി കാർഷികവാർത്തകൾ – FIB FARM NEWS

1. വിദ്യാഭ്യാസത്തോടൊപ്പം ഗ്രാമീണ കാർഷിക പരിചയം കൂടിയുള്ള പ്രൊഫഷണലുകളുടെ കൂട്ടായ്മ ഉണ്ടാക്കുക ലക്ഷ്യമിട്ടു കൊണ്ട് കൃഷിവകുപ്പ് കൃഷിഭവനുകളിൽ ഇന്റേൺഷിപ്പിന് അവസരം ഒരുക്കുന്നു. താല്പര്യമുള്ള യുവതീയുവാക്കൾക്ക് ഈ മാസം 24 വരെ www.keralaagriculture.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനിലൂടെ അപേക്ഷിക്കാം. ജൂലൈ 26 മുതൽ 29 വരെയുള്ള ദിവസങ്ങളിൽ ഇൻറർവ്യൂ നടത്തി ഇന്റേണുകളെ തെരഞ്ഞെടുക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം വഴി നടപ്പിലാക്കുന്ന "ശീതകാല പച്ചക്കറി കൃഷി"എന്ന മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (MOOC) ഈ മാസം 22 ന് ആരംഭിക്കുന്നു. സൗജന്യമായി നടപ്പിലാക്കുന്ന മലയാളത്തിൽ പരിശീലനം നൽകുന്ന ഈ കോഴ്സിൽ പഠിക്കാൻ താല്പര്യമുള്ളവർ ജൂലൈ 21 നകം പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ നിശ്ചിത ഫീസ് അടച്ച് സർട്ടിഫിക്കറ്റ് ലഭ്യമാക്കാവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് 2021 ജൂലൈ 22 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

3. റബ്ബർപാൽ വിപണനം, ഷീറ്റുറബ്ബർ സംസ്കരണം എന്നിവ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് റബ്ബർബോർഡിലെ അസിസ്റ്റന്റ് ക്വാളിറ്റി കൺട്രോൾ ഓഫീസർ എം.എൻ. ബിജു 2021

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**20-07-2021**

ജൂലൈ 20 ചൊവ്വാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണിവരെ ഫോണിലൂടെ മറുപടി നൽകുന്നതാണ്. കോൾസെന്റർ നമ്പർ 0481 2576622

**ഓൺലൈൻ പരിശീലന പരിപാടികൾ**

4. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (20.07.2021) 3 മുതൽ 4 മണി വരെ **അലങ്കാര മത്സ്യങ്ങളുടെ പ്രജനനക്രിയ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. സമേതി കേരളയുടെ ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9349482600** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

5. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവകലാശാലയുടെ പൂക്കോട് വെറ്ററിനറി കോളേജിലെ വിജ്ഞാനവ്യാപന വിഭാഗവും സംരംഭകത്വ വിഭാഗവും സംയുക്തമായി ഇന്ന് (20-07-2021) വൈകിട്ട് 5 മണിക്ക് **തീറ്റയും തീറ്റക്രമവും നൂതന ആശയങ്ങൾ** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. **999 521 3500** എന്നതാണ് സൂം (zoom) പ്ലാറ്റ്ഫോമിൽ നടത്തുന്ന പരിശീലനത്തിന്റെ ഐഡി. കൂടുതൽ വിവരങ്ങൾക്ക് **9446714462** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. പാലക്കാട് ജില്ലയിലെ കാർഷിക പരിശീലന കേന്ദ്രമായ ആർ എ റ്റി റ്റി സി, ഇന്ന് വൈകിട്ട് 6 മണിക്ക് **പച്ചക്കറി ഇനങ്ങൾ** എന്ന വിഷയത്തിൽ ഫേസ് ബുക്ക് ലൈവിലൂടെ പരിശീലനം നൽകുന്നു. https://www.facebook.com/groups/195289155105639/ എന്ന ഫേസ് ബുക്ക് പേജ് വഴി പരിശീലനങ്ങളിൽ തത്സമയം പങ്കെടുക്കാവുന്നതാണ്.

7. പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ മാവ് അറിയേണ്ടതെല്ലാം എന്ന വിഷയത്തിൽ വെബിനാർ പരമ്പര ഈ മാസം 22, 23 തീയതികളിലായി നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9496827965** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**20-07-2021**

8. പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 23 ന് വീട്ടുവളപ്പിലെ പച്ചക്കറി കൃഷി - ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ, 28 ന് ശാസ്ത്രീയ കോഴിവളർത്തൽ, 29 ന് മണ്ണ് പരിശോധനയും സംയോജിത വളപ്രയോഗവും, 30 ന് കൂൺ കൃഷി എന്നീ വിഷയങ്ങളിലാണ് പരിശീലനം. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുളളവർ അതാതുദിവസങ്ങളിൽ രാവിലെ 11 മണിയ്ക്ക് meet.google.com/kyy-watc-qem എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽ പ്രവേശിക്കാം കൂടുതൽ വിവരങ്ങൾക്ക് 8078572094 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

9. **അറിയിപ്പുകൾ**

കളമശ്ശേരി കൃഷി ഭവന്റെ "അർബൻ വഴിയോര ആഴ്ച ചന്തയുടെയും മൊബൈൽ യൂണിറ്റിന്റെയും" ഔദ്യോഗിക ഉദ്ഘാടനത്തോടനുബന്ധിച്ച് മാലിപ്പുറം ജംഗ്ഷനിൽ വച്ച് ഇന്ന് (20.07.2021 ന്) കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ച നാടൻ പഴങ്ങൾ, പച്ചക്കറികൾ എന്നിവയുടെ വില്പന ഉണ്ടായിരിക്കുന്നതാണെന്ന് കളമശ്ശേരി കൃഷി ഓഫീസർ അറിയിക്കുന്നു.

10. **കാർഷിക സർവ്വകലാശാല വിളപരിപാലന നിർദ്ദേശങ്ങൾ**

തെങ്ങിൻ തൈ നടുന്നതിന് അനുയോജ്യമായ സമയമാണ്. മണ്ടചീലിനെതിരെ ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം പശചേർത്ത് തളിയ്ക്കാവുന്നതാണ്. രോഗം വന്ന ഭാഗം ചെത്തി വൃത്തിയാക്കി ബോർഡോ കുഴമ്പ് പുരട്ടി കൊടുക്കുക.